# പതിനാലാം കേരള നിയമസഭ
## (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1415** **06.02.2020-ൽ മറുപടിയ്ക്ക്**

**എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.എം.ഷാജി<br>,, സി.മമ്മൂട്ടി<br>,, എൻ .എ.നെല്ലിക്കുന്ന്<br>,, എം. സി. കമറുദ്ദീൻ | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശത്ത് താമസിക്കുന്ന എല്ലാ മത്സ്യത്തൊഴിലാളികൾക്കും സുരക്ഷിത ഭവനം നിർമ്മിച്ച് നൽകുന്നതിനായി എന്തെങ്കിലും പദ്ധതി സർക്കാർ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം വ്യക്തമാക്കാമോ; | എ) അർഹരായ എല്ലാവർക്കും സമ്പൂർണ്ണ പാർപ്പിടം ലക്ഷ്യമിട്ട് സംസ്ഥാന സർക്കാർ നടപ്പാക്കുന്ന ലൈഫ് മിഷൻ പദ്ധതിയിൽ സ്വന്തമായി ഭൂമിയുള്ളതും എന്നാൽ വാസയോഗ്യമായ ഭവനമില്ലാത്തവരുമായവർക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നു. മത്സ്യത്തൊഴിലാളികൾ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ജനവിഭാഗങ്ങൾക്കും പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതാണ്.<br>തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതികളാണ് ഫിഷറീസ് വകുപ്പ് മുഖേന നടപ്പാക്കുന്നത്. 18,685 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനായി 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| ബി) എങ്കിൽ ഈ പദ്ധതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ? | ബി) ലൈഫ് മിഷൻ സർവ്വേ പ്രകാരം 1220 മത്സ്യത്തൊഴിലാളികളെ ഭവന നിർമ്മാണ ധനസഹായത്തിനുള്ള അർഹതാ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട് ഇതിൽ ഭവന നിർമ്മാണം ആരംഭിച്ച 528 പേർക്ക് സംസ്ഥാന പദ്ധതി വിഹിതമായ 1 ലക്ഷം രൂപ വീതം നൽകുന്നതിന് ഫിഷറീസ് വകുപ്പിൽ നിന്നും 5.28 കോടി രൂപ ലൈഫ് മിഷന് അനുവദിച്ചിട്ടുണ്ട് അർഹതയുള്ള എല്ലാ മത്സ്യത്തൊഴിലാളികൾക്കും ലൈഫ് മിഷൻ പദ്ധതിയിലൂടെ ഭവനങ്ങൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ബഹു.ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ ലൈഫ് മിഷനിൽ നൽകിയിട്ടുണ്ട് |

1) ഫിഷറീസ് വകുപ്പിൽ നിന്നും ഭവനനിർമ്മാണ ധനസഹായത്തിന് അപേക്ഷിച്ച് അർഹതാ ലിസ്റ്റിൽ ഉൾപ്പെട്ട മത്സ്യത്തൊഴിലാളികളിൽ അവശേഷിക്കുന്ന 4883 പേരുടെ ലിസ്റ്റ്.

2) ഭൂരഹിത ഭവന രഹിതരായ 6287 മത്സ്യത്തൊഴിലാളികളുടെ ലിസ്റ്റ്.

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ കടലാക്രമണ ഭീഷണിയിൽ കഴിയുന്ന 18,685 കുടുംബങ്ങളെ സുരക്ഷിത മേഖലയിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിന് 2450 കോടി രൂപയുടെ 'പുനർഗേഹം' പദ്ധതിയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1398 കോടി രൂപയും ബാക്കി 1052 കോടി രൂപ ഫിഷറീസ് വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ നിന്നും കണ്ടെത്തി പദ്ധതി നടപ്പാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. 2019-20 മുതൽ 2021-22 വരെയുള്ള കാലയളവിൽ 3 ഘട്ടങ്ങളിലായാണ് പദ്ധതി നടപ്പാക്കുന്നത്. ആദ്യഘട്ടത്തിൽ 8487 പേരെയും രണ്ടും മൂന്നും ഘട്ടങ്ങളിൽ 5099 പേരെ വീതവും പുനരധിവസിപ്പിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

**സെക്ഷൻ ആഫീസർ**